# G.H.S. THENARI

THENARI P.O.
PALAKKAD

# SCHOOL DEVELOPMENT PLAN

## 2025 - 2028

"Vision is the art of seeing things invisible"



# ഉള്ളടക്കം


- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- പൊതുലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ചരിത്രം
- വിദ്യാലയ മികവ്
- അക്കാദമിക മികവിന് തടസ്സമായ ഘടകങ്ങൾ
- നിലവിലെ അവസ്ഥാ വിശകലനം
- പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ
- മോണിറ്ററിംഗ്
- പദ്ധതി വിശദാംശങ്ങൾ
  (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- ലൈബ്രറി ശാക്തീകരണം - ഒരവലോകനം
- ഉപസംഹാരം

# ആമുഖം

എലപ്പുള്ളി പഞ്ചായത്തിലെ തേനാരി എന്ന ഗ്രാമപ്രദേശത്തെ ഗവ: യു.പി. സ്കൂളായിരുന്ന ഈ സ്കൂളിനെ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2011-2012-ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.

സാമ്പത്തികമായും സാമൂഹികമായു വളരെ പിന്നോക്കാവസ്ഥയിലാണ് ഈ പ്രദേശം. ഈ പ്രദേശത്തെ നെയ്ത്തു തൊഴിലാളികളുടെയും പട്ടിക വിഭാഗത്തിൽ പെട്ടവരുടെയും മക്കൾക്ക് പഠിക്കാനുള്ളതും അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടാനുമുള്ള ഏക ആശ്രയമാണ് ഈ സ്കൂൾ. ഈ സ്കൂളാണ് ഈ പ്രദേശത്തെ ഏക വികസനം. ഇവിടത്തെ അധ്യാപകരുടെയും പി.ടി.എ.യുടെയും ഏക ലക്ഷ്യം സ്കൂളിന്റെ വികസനവും ഇവിടുത്തെ കുട്ടികളുടെയും ഉന്നത വിജയമാണ്.

ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദന്റെ എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഒരു മുറിയുള്ള കെട്ടിടം ഓഫീസ് റൂമായി ഉപയോഗിച്ചുവരുന്നു.

പാലക്കാട് ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച രണ്ടുമുറി കെട്ടിടവും ആർ. എം.എസ്.എ. ഫണ്ടും ജില്ലാ പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച ഏഴ് മുറികളുള്ള രണ്ട് നിലക്കെട്ടിടവും പ്രവർത്തിച്ചു വരുന്നു. കേന്ദ്രത്തിന്റെ എം.പി. ഫണ്ട് ഉപയോഗിച്ച് ഒരു സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുകയും പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ആറ് യൂറിനൽസും എസ്.ബി.ടി. മരുതറോഡ് ബ്രാഞ്ചിന്റെ ഫണ്ടിൽ നിന്നും നിർമ്മിച്ച് ഉപയോഗത്തിലുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് സ്കൂളിന്റെ മുൻവശത്തുള്ള മതിലിന്റെയും ഗെയ്റ്റിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവുരന്നു. മുൻവർഷങ്ങളിലെപ്പോലെ തന്നെ ഇപ്രാവശ്യവും 100% വിജയം കൈവരിക്കുന്നതിനായി കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ്, മോർണിംഗ് - ഈവനിംഗ് ക്ലാസ്, സാറ്റർഡേ ക്ലാസ്സ് എന്നിവ നടന്നുവരുന്നു. മുൻവർഷത്തെപ്പോലെ തന്നെ ഞായറാഴ്ച ക്ലാസ്സ്, പഠന വീട്, Sag, Tag ഇവ രൂപീകരിച്ച് പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നു. കുട്ടികളുടെ കലാ -കായിക-പ്രവർത്തി പരിചയ മേഖലകളിലുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് സ്പെഷൽ അധ്യാപകരുടെ അപര്യാപ്തയുണ്ട്. നല്ലൊരു സ്പോർട്സ് ഗ്രൗണ്ടിന്റെ അപര്യാപ്തതയും നിലനിർക്കുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി മുൻവശത്തുള്ള ഗെയ്റ്റിന്റെ നിർമ്മാണം നടന്നു.

**ലക്ഷ്യങ്ങൾ:**

- വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാവരെയും വിദ്യാലത്തിലേക്ക് ആകർഷിക്കുക.
- പ്രവേശിക്കപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും അവസരവും പങ്കാളിത്തവും നൽകി അവരുടെ നാനാവിധമായ കഴിവുകൾ വികസിപ്പിക്കുക.
- **ഒരു കുട്ടിപോലും പൊതുവിദ്യാലയത്തിലെത്തിപ്പെട്ടതിന്റെ പേരിൽ അറിവും കഴിവും നേടാതെ പോകില്ലെന്നുറപ്പു വരുത്തുക.**
- ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റി യെടുക്കുക.
- പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് സമൂഹത്തെ ബോധ്യപ്പെടുത്തി പിന്തുണ ആർജിക്കുക.
- വിദ്യാലയത്തിന്റെ ഭൗതികസൗകര്യം ശിശുസൗഹൃദപരമാക്കുക.
- ആകർഷകവും ആധുനികസൗകര്യങ്ങളോടു കൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്നു മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കൽ.
- എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തൽ.
- എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കി മാറ്റുക.
- എല്ലാ വിദ്യാർത്ഥികളുടെയും രചനാപരമായ കഴിവ് വളർത്തുക.
- സമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.
- ആധുനികസാങ്കേതിക വിദ്യയിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നി ലാകില്ലെന്നുറപ്പു വരുത്തുക (നാലാം ക്ലാസ് പൂർത്തിയാക്കുന്ന ഒരു കുട്ടി കമ്പ്യൂട്ടറിൽ മല യാളം ടൈപ്പ് ചെയ്യാനും നെറ്റിൽ നിന്നും വിവരം ശേഖരിക്കാനും സ്വന്തം ഫോൾഡറിൽ വിഭ വങ്ങൾ സൂക്ഷിക്കാനും കഴിവുള്ള ആളാകണം.)
- കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക.

- കുട്ടികളിൽ ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിച്ചുകൊണ്ട് ശാസ്ത്രപഠനം ശക്തിപ്പെടുത്തുക.
- കുട്ടിശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.
- എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പ്രാദേശിക പഠന യാത്രകൾ/ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ച് സ്വയം പഠനശേഷി വികസിപ്പിക്കുക.
- അവകാശനിയമം അനുശാസിക്കുന്നവിധം എല്ലാ ക്ലാസിലും എല്ലാ പഠനോപകരണങ്ങളും ഉറപ്പാക്കുക.
- പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠന പിന്നാക്കാവസ്ഥ പരിഹരിക്കുക.
- കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.
- പ്രവൃത്തിപരിചയനൈപുണികളിൽ എല്ലാവർക്കു പ്രാവീണ്യം നേടാൻ അവസരമൊരുക്കുക.
- കലാകായിക പ്രവൃത്തിപരിചയ മേളകളിലെ ഇനങ്ങളിലെല്ലാം പങ്കാളിത്തം ഉറപ്പാക്കുക.
- കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക.
- സഭാകമ്പമില്ലാതെ സദസിനെ അഭിസംബോധന ചെയ്യാനുള്ളശേഷി എല്ലാ കുട്ടികളിലും വളർത്തുക.
- സവിശേഷദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുക.
- ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി (ക്ലാസ് റൂം പ്രവർത്തനങ്ങളുമായി) ബന്ധിപ്പിക്കുക.
- വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിച്ചുകൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക.
- ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയശേഷി, ശാസ്ത്രാവബോധം, ജനാധിപത്യബോധം എന്നിവ വളർത്തുന്നതിനും കുട്ടികളിലെ കലാ സാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അവസരമൊരുക്കുക.
- കുട്ടികളിൽ സർഗത്മാകത വികസിക്കുന്നതിന് അവസരമൊരുക്കുക. സാഹിത്യകാരൻമാരേയും കൃതികളേയും അറിയുന്നതിന് വേദിയൊരുക്കുക.

- വിമർശനാത്മത ചിന്ത, വിശകലനാത്മക ചിന്ത തുടങ്ങിയ ഉയർന്ന കഴിവുകൾ നേടാനവസര മൊരുക്കുക.
- വിദ്യാലയവികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ഇടം നൽകുക.
- ശാരീരികവും മാസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴി വുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് പിന്തുണ നൽകേണ്ടത് തന്റെകൂടി കടമയാണെന്ന ധാരണ യോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുക.
- അനുരൂപീകരണം പഠനസാധ്യതകൾ കണ്ടെത്തുക.
- വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക.
- വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക. വിദ്യാ ഭ്യാസ അവകാശ നിയമത്തെക്കുറിച്ച് സമൂഹവുമായി ആശയവിനിമയം നടത്തുക.
- വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധം ഓരോ കുട്ടിയുടെയും എല്ലാവിഷയ ങ്ങളിലേയും നിശ്ചിത കാലയളവിലെ പഠനപുരോഗതി, പഠനപ്രശ്നങ്ങൾ, ഹാജർനില, മറ്റു, കഴിവുകൾ എന്നിവ രക്ഷിതാക്കളെ എല്ലാമാസവും ബോധ്യപ്പെടുത്തി പിന്തുണ ആർജിക്കുക.
- വിദ്യാലയ മികവുകൾ സമൂഹത്തെ അറിയിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് മനസ്സിലാ ക്കുന്നതിന് അവസരം സൃഷ്ടിക്കുക.
- സോഷ്യൽ മീഡിയാസ് വഴി പ്രചരിപ്പിക്കുന്നുണ്ട്.

## സ്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥയും അതിലുള്ള പരിഹാരബോധനവും

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് അധികവും ഇവിടെ.
- കൂലിപ്പണിക്കാരുടെയും കൃഷിപ്പണിക്കാരുടെയും മക്കളാണ് ഇവിടെ അധികവും.
- വീടുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം വളരെ കുറവാണ്.
- കെട്ടുറപ്പുള്ള വീടും വൈദ്യുതിയും ഇല്ലാത്ത വീടുകളാണ് അധികവും.
- കുട്ടികൾ രാവിലെ ഉണർന്ന് എഴുന്നേൽക്കുന്നതിന് മുൻപേ പണിക്ക് പോകുന്ന രക്ഷിതാക്കളിൽ കുട്ടികൾ ഉറങ്ങുന്ന സമയം തിരിച്ചെത്തുന്നവരും ഉണ്ട്.
- വിദ്യാഭ്യാസത്തിലും ഭക്ഷണത്തിലും, കുട്ടികളുടെ സർവതോന്മുഖമായ വികസനത്തിലും ശ്രദ്ധ നൽകാൻ കഴിയാത്ത രക്ഷിതാക്കളാണ് അധികവും.

### പഠനനിലവാരം മെച്ചപ്പെടുത്താൻ

ഇങ്ങനെയുള്ള കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ തലത്തിൽ ഞങ്ങൾ പല പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിന്റെ ഫലമായി SSLC-ക്ക് മുൻവർഷങ്ങളിൽ 100% വിജയം കൈവരിക്കുവാൻ സാധിച്ചു അതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

അതുപോലെ ഈ വർഷവും SSLC-ക്ക് 100% വിജയം എന്ന ലക്ഷ്യം കൈവരിക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതിനാൽ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ഒന്നുകൂടി മെച്ചപ്പെടുത്തി കുട്ടികൾക്ക് പ്രയോജന പ്രദമായ രീതിയിൽ നടത്തിവരുന്നു.

1. കുട്ടികളിൽ പോസിറ്റീവായ ചിന്താഗതിയും ആത്മവിശ്വാസവും ഊട്ടിഉറപ്പിക്കുന്നതിനായി മോട്ടിവേഷൻ ക്ലാസ്സ്.
2. വിവിധ Subject experts-ന്റെ ക്ലാസ്സുകൾ.
3. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അവരുടെ സൗകര്യാർത്ഥം പഠന വീടുകൾ.
4. ക്ലാസ്സിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി Students adopted group (Sag), Teachers adopted group (Tag) ഇവയുടെ രൂപീകരണവും പ്രവർത്തനവും നടന്നുവരുന്നു.
5. അധികം പ്രവർത്തനങ്ങൾക്കായി Morning-ൽ 9-10 am വരെയും വൈകീട്ട് 4-5.30 pm വരെയും ക്ലാസ്സുകൾ $10^{th}$-ലെ കുട്ടികൾക്കു നടത്തുന്നു.

6. ജൂൺ മുതൽ തന്നെ ഈ ക്ലാസ്സുകൾ നടത്തുന്നതു കൂടാതെ ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും വിവിധ വിഷയങ്ങൾക്കായി ക്ലാസ്സുകൾ നടന്നുവരുന്നു.

7. ദിനാചരണങ്ങൾ പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തി നടത്തിവരുന്നു.

8. വിവിധ വിഷയങ്ങളുടെ ക്ലബ്ബ് പ്രവർത്തനങ്ങൾ പഠന നിലവാരം മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

9. കലാകായിക പ്രവ്യത്തി പരിചയ മേളകളിൽ പങ്കെടുക്കാനുള്ള പ്രാക്ടീസുകൾ അദ്ധ്യാപകർ നൽകിവരുന്നു.

10. സയൻസ് വിജ്ഞാന പരീക്ഷയ്ക്കുള്ള കോച്ചിംഗ് നൽകി പരീക്ഷയിൽ പങ്കെടുപ്പിച്ച് സമ്മാനാർഹത നേടാൻ അവസരം ഒരുക്കി. ഹിന്ദി ഭാഷാ പരിശീലനത്തിനായി ഹിന്ദി പ്രാചാരസഭയുടെ പരീക്ഷകൾ നടത്തിവരുന്നു. അതുപോലെ നവപ്രഭ വിദ്യാഭ്യാസ പദ്ധതിയിലൂടെ മാതൃഭാഷാ അദ്ധ്യാപനവും കണക്കിന്റെ അടിസ്ഥാന പഠനവും സയൻസ് വിഷയങ്ങളുടെ കൂടുതൽ അറിവും 9th - ലെ കുട്ടികൾക്ക് ലഭ്യമാക്കുന്നു.

11. കഠിന പഠനവും മികച്ച അദ്ധ്യാപകരുടെ സഹായത്തോടെ നടന്നുവരുന്നു.

12. കുട്ടികൾക്ക് ആവശ്യമായ സംരക്ഷണവും സ്നേഹവും കരുതലും നൽകുന്നതിനായി രക്ഷിതാക്കൾക്ക് awareness ക്ലാസ്സുകൾ നൽകി.

13. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി പഠനക്യാമ്പ്, പഠനയാത്രകൾ ഇവ നടത്തി.

14. Communicative English Class

15. Online Group form ചെയ്തു English ഭാഷയിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

16. LSS, USS, NMMS പരീക്ഷകൾക്കു വേണ്ടി ജൂൺ മുതൽ തന്നെ special coaching class നൽകി വരുന്നു.

# സ്കൂൾ അസംബ്ലി

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുക.
- സഭാകമ്പമില്ലാതെ സദസിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക.
- കുട്ടികളുടെ കഴിവുകൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരം സൃഷ്ടിക്കുക.
- കുട്ടികളിൽ സാമൂഹികബോധം വളർത്തുക.
- കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുന സംഘടിക്കുക.
- നിരന്തര വിലയിരുത്തലിനുള്ള വേദിയായി അസംബ്ലിയെ മാറ്റുക.
- അസംബ്ലിയെ പ്രയോജനപ്പെടുത്തി കുട്ടികളുടെ പങ്കാളിത്തത്തോടെ വിദ്യാലയ പ്രവർത്ത നങ്ങൾ ചിട്ടപ്പെടുത്തുക.

## അസംബ്ലിയിലെ ഇനങ്ങൾ

- പ്രാർത്ഥന
- പ്രതിജ്ഞ
- വാർത്താവതരണം
- ചിന്താവിഷയം
- വായനാക്കുറിപ്പ് അവതരണം
- ക്ഷണിക്കപ്പെട്ട രക്ഷിതാക്കൾക്ക്/വിശിഷ്ട വ്യക്തികൾക്ക് അസംബ്ലിയിൽ അവസരം
- ദിനാചരണം സ്പെഷ്യൽ അസംബ്ലി
- പൊതു കാര്യങ്ങൾ സംസാരിക്കൽ
- പിറന്നാളാശംസയും അനുമോദനവും
- ദേശീയഗാനം

## എല്ലാ ദിവസവും നടക്കേണ്ട പ്രവർത്തനങ്ങൾ

- **തിങ്കൾ**

  പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, ചിന്താവിഷയം, ശുചിത്വത്തിന്റെ പ്രാധാന്യം

- **ചൊവ്വ**

  പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, ചിന്താവിഷയം, ലഘുവ്യായാമം, വായനാക്കുറിപ്പ്

- **ബുധൻ**

  പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, ചിന്താവിഷയം, യോഗ

- **വ്യാഴം**

  പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, ചിന്താവിഷയം, ലഘുവ്യായാമം

- **വെള്ളി**

  പ്രാർത്ഥന, പ്രതിജ്ഞ, ഒരാഴ്ചയിലെ പ്രധാന ന്യൂസ് ക്രോഡീകരിച്ചു കൊണ്ടുള്ള പത്രവായന

  ആഴ്ചയിലെ അവസാനത്തെ പ്രവൃത്തി ദിവസത്തിൽ കുട്ടികളുടെ സർഗ്ഗാത്മശേഷി തെളിയിക്കുവാൻ വേണ്ടി വേദി ഒരുക്കുന്നു.

# സമൂഹപങ്കാളിത്തം

സ്കൂൾ തുറക്കുന്നതിന് മുമ്പ് സ്കൂളും ക്ലാസ്സ്മുറികളും വൃത്തിയാക്കാനും ആകർഷിക മാക്കാനും രക്ഷാകർത്തൃ സമിതിയുമായി ആലോചിച്ച് വേണ്ട ആസൂത്രണം നടത്തും.

സ്കൂൾ പ്രവേശനത്തിൽ സാമൂഹിക പങ്കാളിത്തത്തോടുകൂടി കുട്ടികളെ ആകർഷിക്കു ന്നതിനും പഠനപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്നതിനും സൗജന്യ യൂണി ഫോം, നോട്ടുബുക്കുകൾ വിതരണം ചെയ്തു.

പഠനോപകരണ നിർമ്മാമ ശിൽപശാല ബാലോത്സവങ്ങൾ, കുട്ടികളുടെ നാടകങ്ങൾ എന്നിവ എസ്.എസ്.ജി.യുടെയോ മറ്റുള്ളവരുടേയോ സഹകരണത്തോടെ സംഘടിപ്പിക്കൽ.

ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണങ്ങൾക്കും മറ്റു പരിപാടികൾക്കും അതാതിന്റെ വിദ്ഗദരെ ക്ഷണിക്കും വിദ്യാലയത്തിനു വേണ്ട കെട്ടിടം മറ്റു പകരണങ്ങൾ എന്നിവ കിട്ടുവാൻ തദ്ദേശ സ്വയംവരണ സ്ഥാപനങ്ങളെ സമീപിക്കും.

സ്കൂൾ അസംബ്ലികളിൽ പി.ടി.എ. അംഗങ്ങൾ വികസന സമിതി അംഗങ്ങൾ മറ്റു പ്രധാന വ്യക്തികൾ എന്നിവരെ ക്ഷണിച്ചുവരുത്തി കുട്ടികളോട് സംസാരിക്കുവാൻ അവസരം നൽകും.

കഴിഞ്ഞ വർഷം SSLC പരീഷയിൽ ഉന്നത വിജയം കരസ്തമാക്കിയവർക്ക് ക്യാഷ് അവാർഡ് സഹകരണ ബാങ്കിൽ നിന്ന് ധനസഹായം കണ്ടെത്തും.

കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുവാൻ വിദഗ്ധരായ വ്യക്തികളെ ക്ഷണിച്ച് (ശുചിത്വം, ആരോഗ്യവകുപ്പ്, റോഡ് സുരക്ഷിതത്ത്വം, ട്രാഫിക് പോലീസ്, പുകയിലയുടെ ഉപയോഗം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ) ക്ലാസ്സുകൾ നടത്തി.

പരീക്ഷകളെ അഭിമുഖീകരിക്കുന്നതിന് കുട്ടികളെ സജ്ജാരാക്കാൻ വേണ്ട കൗൺസിലിങ്ങ് ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

സാമൂഹ്യ പങ്കാളിത്തത്തോടെ പഠനവീട് നടത്തുവാൻ കൃഷിഭവന്റെ സഹായത്തോടെ Green House നിർമ്മിച്ച് സ്കൂളിൽ ഉച്ചഭക്ഷണത്തിന് വേണ്ട ജൈവ പച്ചക്കറികൾ ഉത്പാദിപ്പി ക്കുന്നു.

# ഭൗതിക സൗകര്യങ്ങൾ

പാലക്കാട് ജില്ല എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ GHS Thenari സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങളും അവയ്ക്കു വേണ്ടി വരുന്ന തുകയും ചുവടെ ചേർത്തിരിക്കുന്നു.

| നം. | നിർദ്ദേശങ്ങൾ | വേണ്ടിവരുന്ന തുക |
|---|---|---|
| 1 | ലാബ് നിർമ്മാണം (5 എണ്ണം) (സയൻസ്, സാമൂഹിക ശാസ്ത്രം, ഗണിത ശാസ്ത്രം) കെട്ടിട നിർമ്മാണം, ലാബിനുവേണ്ട ഉപകണങ്ങൾ, വൈദ്യുതികരണം | 70 ലക്ഷം |
| 2 | ലൈബ്രറി കെട്ടിടവും, ഇരിപ്പിടം, പുസ്തകവും, അലമാറകളും ഉൾപ്പെടെ | 20 ലക്ഷം |
| 3 | കമ്പ്യൂട്ടർ ലാബ് (Computers, Projector, Scanner, Printer, Smart Board, Photo Copy Machine) | 80 ലക്ഷം |
| 4 | വിദ്യാർത്ഥികൾത്ത് ക്ലാസ്സ് മുറികളിൽ ആവശ്യമായ ടേബിൾ വിത്ത് ചെയർ (250 എണ്ണം) | 10 ലക്ഷം |
| 5 | പ്രവൃത്തി പരിചയം, കല, ആരോഗ്യം പരിശീലനം കെട്ടിടം | 12 ലക്ഷം |
| 6 | കായിക - വിനോദ ഉപകരണങ്ങൾ, Embroidering, പാവനിർമ്മാണം, ചന്ദനത്തിരി, കുട, സോപ്പ്, കരകൗശലം, നിർമ്മാണ കിറ്റുകൾ, Chess board, Shortput, Javelin, Carrom Board, Cricket bat & ball, Foot ball, Hockey stick, badminton kit, Ring, Rope, Hurdles, Discuss throw | 7 ലക്ഷം |
| 7 | കായിക - വിനോദ ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള കെട്ടിടം | 6 ലക്ഷം |
| 8 | ക്ലാസ്സ് റൂം പഠന പ്രവർത്തനങ്ങൾ സൂക്ഷിക്കുന്നതിനുള്ള rack with lock ക്ലാസ്സ് ലൈബ്രറിക്കുള്ള അലമാര | 15 ലക്ഷം |
| 9 | അദ്ധ്യാപകർക്കും കുട്ടികൾക്കും ലാപ്ടോപ്പ്, A4 Sgeet, Chart, Sketch, Marker | 20 ലക്ഷം |
| 10 | ക്ലാസ്സ് റൂം ആകർഷകമാക്കാൻ വേണ്ടി ചുമർ ചിത്രങ്ങൾ (ഭൂപടങ്ങൾ, ഗണിത രൂപങ്ങൾ ശാസ്ത്രജ്ഞൻമാരുടേയും മഹാൻമാരുടെയും ചിത്രങ്ങളും, മഹത് വചനങ്ങളും, ശാസ്ത്രസംബന്ധമായ ചിത്രങ്ങൾ) | 15 ലക്ഷം |

| | | |
|---|---|---|
| 11 | ഉച്ചഭക്ഷണം (Hall, പാത്രങ്ങൾ, ടേബിൾ, ചെയർ, വൈദ്യുതീകരണം, Plumbing) | 30 ലക്ഷം |
| 12 | Bio gas plant, മാലിന്യ സംസ്ക്കരണ യൂണിറ്റ് | 10 ലക്ഷം |
| 13 | ശൗചാലയങ്ങൾ (10 എണ്ണം) | 5 ലക്ഷം |
| 14 | Girls friendly toilet (Sanitary Napkin Disposal Unit) | 3 ലക്ഷം |
| 15 | Staff Room, (വൈദ്യുതീകരണം, ശുചിമുറി, Wash basin, Table, Chair, Shelf) | 15 ലക്ഷം |
| 16 | School Auditorium, മേൽക്കൂര, Mide & Speaker, Podium Projector, Smart board, Chairs), Stage | 50 ലക്ഷം |
| 17 | കളി സ്ഥലം (സ്ഥലം കണ്ടെത്തി വാങ്ങുന്നതിന്) നിർമ്മാണം വാഹന സൗകര്യം ലഭ്യമാക്കുന്നതിന് | 2 കോടി |
| 18 | നിലവിലുള്ള സ്കൂൾ പരിസരം നിരപ്പാക്കൽ | 2 ലക്ഷം |
| 19 | ചുറ്റുമതിൽ നിർമ്മാണം | 10 ലക്ഷം |
| 20 | ജൈവ പാർക്ക് (പഴം, പച്ചക്കറി, ഔഷധ സസ്യങ്ങൾ സ്കൂൾ പരിസരത്ത് തണൽ വൃക്ഷങ്ങൾ വെച്ച് പരി പാലിക്കൽ) | 5 ലക്ഷം |
| | **ആകെ** | **6 കോടി 35 ലക്ഷം** |